# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org

KNRKWB

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീമതി .ഗീതാലക്ഷ്മി എം.ബി.)**

ഉത്തരവ് നമ്പർ:- S5-KNRKWB/694/2024 തീയതി: 04-10-2024

**വിഷയം :** **പ്രവാസി ക്ഷേമ ബോർഡിൽ നിലവിൽ അംശദായ കുടിശ്ശികയിന്മേൽ ഈടാക്കി വരുന്ന പിഴയിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**സൂചന :**

1. 01/10/2013 ലെ 13-ാമത് ബോർഡ് യോഗ തീരുമാനം നം. 2
2. 21/04/2014 ലെ 1261/എ1/2014/നോർക്ക നമ്പർ സർക്കാർ കത്ത്.
3. 25/09/2024-ലെ 48-ാമത് ബോർഡ് യോഗ തീരുമാനം നം. 01(1)(2)

1) 2008-ലെ കേരള പ്രവാസി കേരളീയ ക്ഷേമ നിയമത്തിലെ വകുപ്പ് 7(1) പ്രകാരം, തുടർച്ചയായി ഒരു വർഷമോ അതിലധികമോ അംശദായം അടക്കാൻ വീഴ്ച വരുത്തുന്ന സംഗതിയിൽ, അംഗത്വം സ്വമേധയാ റദ്ദായി പോകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം ടി നിയമത്തിലെ വകുപ്പ് 20 പ്രകാരം, നിധിയിലേയ്ക്ക് അംശദായം നല്കുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുകയുടെ 25% ൽ കവിയാത്ത, ബോർഡ് യുക്തമെന്ന് കരുതുന്ന തുക, നഷ്ടപരിഹാരമായി സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി അയാളിൽ നിന്നും വസൂലാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി ഖണ്ഡിക 21 പ്രകാരം, റദ്ദാകുന്ന അംഗത്വം പുന:സ്ഥാപിക്കുന്നതിന്, അംശദായ കുടിശ്ശിക അടയ്ക്കുന്നതോടൊപ്പം, ബോർഡ് തീരുമാനിക്കുന്ന പിഴയും, പിഴ പലിശയും അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) പ്രവാസി ക്ഷേമ നിയമത്തിലെയും, പ്രവാസി ക്ഷേമ പദ്ധതിയിലെയും മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി, ടി വ്യവസ്ഥകൾ പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ 13-ാമത് ഡയറക്ടർ ബോർഡ് യോഗം, ഇപ്രകാരമുള്ള നഷ്ടപരിഹാര തുക, ആകെ അംശദായ തുകയുടെ 14% പലിശയും, പലിശ തുകയുടെ 1% പിഴയും (ആകെ 15%) ആയി നിശ്ചയിക്കുകയുണ്ടായി. ഇപ്രകാരം മുടക്കം വന്ന കാലത്തേക്ക് കണക്കാക്കപ്പെടുന്ന തുക, അംശദായ കുടിശ്ശികയോടൊപ്പം അടച്ച്, അംഗത്വം

പുന:സ്ഥാപിക്കാവുന്നതാണെന്ന് തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് പ്രസ്തുത തീരുമാനത്തിന്, പരാമർശം 2 പ്രകാരം സർക്കാർ അനുമതി നല്കുകയും ഉണ്ടായി. ടി തീരുമാനങ്ങൾ പ്രകാരം തയ്യാറാക്കിയ പിഴ തുക പട്ടികയിൽ, രണ്ട് വർഷ കുടിശ്ശിക കാലയളവിന് ശേഷം വരുന്ന കാലയളവുകളിൽ, ഓരോ വർഷവും ഈടാക്കുന്ന പിഴ തുക ആനുപാതികമായി വർദ്ധിച്ചുവരുന്ന പ്രകാരമാണ് ക്രമീകരിച്ചിരുന്നത്.

3) നഷ്ടമായ അംഗത്വം പുന:സ്ഥാപിക്കുന്നതിനായി ലഭ്യമാകുന്ന അപേക്ഷകളിൽ പിഴ തുക കുറവ് ചെയ്ത് നല്കണമെന്ന് നിരവധി പ്രവാസികൾ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം 25/09/2024-ൽ ചേർന്ന 48-ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായി ചർച്ചചെയ്യുകയുണ്ടായി. 2009 മുതൽ നാളിതുവരെ, നീണ്ട 15 വർഷം, അംശദായം അടവ് മുടക്കം വരുത്തിയ ലക്ഷക്കണക്കിന് അംഗങ്ങൾ നിലവിൽ ഉണ്ട്. ഇപ്രകാരം കുടിശ്ശിക വരുന്നതിലൂടെ ബോർഡിന് പ്രതിമാസം ലഭിക്കേണ്ട വരുമാനം ഗണ്യമായി കുറയുകയും, അംഗങ്ങളായ പ്രവാസികൾക്ക് ലഭിക്കേണ്ടിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാകാതെ വരികയും ചെയ്യുന്നുണ്ട്. അംശദായം മുടങ്ങാതെ അടച്ച് അംഗത്വം നിലനിർത്തിക്കൊണ്ടു പോകാൻ വിവിധ കാരണങ്ങളാൽ സാധിക്കാതെ വരികയും, തുടർന്ന് വലിയ തുക കൂടി പിഴയായ് ഒടുക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ അംഗത്വം പുനഃസ്ഥാപിക്കുവാൻ താല്പര്യമുള്ള അംഗങ്ങൾക്ക് സഹായകരമാകുന്ന വിധം പിഴ തുക ആകെ കുടിശ്ശികയായി നിലനിൽക്കുന്ന അംശദായ തുകയുടെ 14% പലിശയും, പ്രസ്തുത പലിശ തുകയുടെ 1% പിഴയും മാത്രമായി നിശ്ചയിക്കുവാൻ ബോർഡ് തീരുമാനം കൈകൊള്ളുകയുണ്ടായി.

4) മേൽവിവരിച്ച സാഹചര്യത്തിൽ പ്രവാസി ക്ഷേമനിധി ആക്റ്റ്, പ്രവാസി ക്ഷേമ പദ്ധതി ഇവകളിലെ വ്യവസ്ഥകൾ പ്രകാരം, അംഗത്വം പുന:സ്ഥാപിക്കുന്നതിലേക്കായി നിലവിൽ അടക്കേണ്ടതായ അംശദായ കുടിശ്ശികയോടൊപ്പം നൽകേണ്ടതായ പിഴ തുക, ഇപ്പോൾ ഈടാക്കി വരുന്ന മാതൃകയിൽ നിന്നും വ്യത്യസ്തമായി, ആകെ കുടിശ്ശികയായി നിലനിൽക്കുന്ന അംശദായ തുകയുടെ 14% പലിശയും, പ്രസ്തുത പലിശ തുകയുടെ 1% പിഴയും ഈടാക്കുന്നതിനും ഉത്തരവാകുന്നു. ഇനി മുതൽ അംശദായ കുടിശ്ശിക വരുത്തുന്ന എല്ലാ അംഗങ്ങൾക്കും പുതുക്കിയ ഉത്തരവ് പ്രകാരമുള്ള നിരക്കായിരിക്കും ബാധകമാകുന്നത് എന്നും ഉത്തരവാകുന്നു. ഇപ്രകാരം ചെയ്യുമ്പോൾ നിലവിലെ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പലിശ വർദ്ധനവ് ഉണ്ടായിരുന്ന രീതി ഒഴിവാക്കപ്പെടുന്നതാണ്. ഇപ്രകാരമുള്ള ക്രമീകരണം ബോർഡ് സോഫ്റ്റ് വെയറിൽ വരുത്തുന്ന തീയതി മുതൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

Signed by
Geetha Lekshmi M B
Date: 04-10-2024 13:12:53
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐ റ്റി മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3. അക്ഷയ കേന്ദ്രം, സേവാ കേന്ദ്രങ്ങൾ, GME, സൊസൈറ്റികൾ, ഏജൻസികൾ

4. മാനേജർ (ഫിനാൻസ്)
5. ഓഫീസ് കോപ്പി